# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## വി.മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന-St Michael




### വി.മിഖായേൽ മാലാഖയോടുള്ള പ്രാർത്ഥന

മുഖ്യദൂതനായ വി.മിഖായേലെ, സ്വർഗ്ഗീയസൈന്യങ്ങളുടെ പ്രതാപവാനായ പ്രഭോ, ഉന്നതശക്തികളോടും അധികാരങ്ങളോടും ഇരുളടഞ്ഞ ഈ ലോകത്തിലെ ഭരണകർത്താക്കളോടും ഉപരിതലങ്ങളിലെ ദുരാത്മാക്കളോടുമുള്ള യുദ്ധത്തിൽ ഞങ്ങളെ സഹായിക്കണമേ. ദൈവം സ്വന്തം ഛായയിൽ സൃഷ്ടിക്കുകയും വലിയ വിലകൊടുത്ത് വീണ്ടെടുക്കുകയും ചെയ്ത മനുഷ്യരെ പിശാചിന്റെ ക്രൂരഭരണത്തിൽ നിന്നും രക്ഷിക്കുവാൻ വരണമെ. അങ്ങയെ ആണല്ലോ തിരുസഭ തന്റെ പരിപാലകനും സംരക്ഷകനുമായി വണങ്ങുന്നത്. കർത്താവു രക്ഷിച്ച ആത്മാക്കളെ സ്വർത്തിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ നിയുക്തനായിരിക്കുന്നത് അങ്ങു തന്നെയാണല്ലോ. ആകയാൽ ഞങ്ങളുടെ പാദങ്ങളുടെ കീഴിൽ പിശാചിനെ അടിമപ്പെടുത്തുവാൻ സമധാനദാതാവായ ദൈവത്തോടു പ്രാർത്ഥിക്കണമെ. പിശാച് ഒരിക്കലും മനുഷ്യരെ കീഴ്പ്പെടുത്തുകയോ തിരുസഭയെ ഉപദ്രവിക്കുകയോ ചെയ്യാതിരിക്കട്ടെ.

കർത്താവിന്റെ കരുണ വേഗം ഞങ്ങളുടെമേൽ ഉണ്ടാകുന്നതിനായി ഞങ്ങളുടെ യാചനകൾ അത്യുന്നതന്റെ മുമ്പിൽ സമർപ്പിക്കണമെ. ദുഷ്ടജന്തുവും പഴയസർപ്പവുമായ സാത്താനേയും അവന്റെ കൂട്ടുകാരെയും പിടിച്ചുകെട്ടി പാതാളത്തിൽ തള്ളി താഴ്ത്തണമെ. അവൻ മേലാൽ ഒരിക്കലും ഞങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ. ആമ്മേൻ.

### തിരുവചനം

സ്വർഗ്ഗത്തിൽ ഒരു യുദ്ധമുണ്ടായി. മിഖായേലും അവന്റെ ദൂതന്മാരും സർപ്പത്തോടു പോരാടി. സർപ്പവും അവന്റെ ദൂതന്മാരും എതിർത്തു യുദ്ധംചെയ്തു എന്നാൽ, അവർ പരാജിതരായി. അതോടെ സ്വർഗ്ഗത്തിൽ അവർക്ക് ഇടമില്ലാതായി. ആ വലിയ സർപ്പം, സർവ്വലോകത്തെയും വഞ്ചിക്കുന്ന സാത്താനെന്നും പിശാചെന്നും വിളിക്കപ്പെടുന്ന ആ പുരാതനസർപ്പം, ഭൂമിയിലേക്കു വലിച്ചെറിയപ്പെട്ടു; അവനോടുകൂടി അവന്റെ ദൂതന്മാരും (വെളിപാട് 12:7-9).

എന്റെ ദൂതൻ നിങ്ങളുടെ കൂടെയുണ്ട്. അവൻ നിങ്ങളുടെ ജീവൻ കാത്തു സൂക്ഷിക്കുന്നു (ബാറൂക്ക് 6:7).

+++